# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1332** **02.03.2017-ന് മറുപടിയ്ക്ക്**

## <u>എൻ സി സി നേവൽ ട്രെയിനിംഗ് സെന്റർ</u>

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) ടൂറിസം രംഗത്ത് വലിയ നേട്ടങ്ങൾ കൊയ്യുന്ന കുട്ടനാട്ടിൽ എൻ സി സി നേവൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനു സ്ഥലം ഏറ്റെടുത്തു നൽകുന്ന നടപടി ഏതുവരെ ആയെന്നു വ്യക്തമാക്കുമോ: | എ) | വെളിയനാട് വില്ലേജിൽ സർവ്വെ നം 1/1-ൽപ്പെട്ട 25 സെന്റ് ഭൂമി എൻ.സി.സിയുടെ 5(K) നേവൽ യൂണിറ്റിന് കൈമാറുന്നതിലേയ്ക്ക് ഭൂമി കൈമാറ്റ റിക്കാർഡുകൾ കുട്ടനാട് തഹസിൽദാർ ആലപ്പുഴ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| ബി) ഇതിനു ആവശ്യമായ സ്ഥലം ഏറ്റെടുത്തു നൽകുന്നതിനു ഇനിയും എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളത് എന്ന് വ്യക്തമാക്കുമോ: | ബി) | സ്ഥലപരിശോധന നടത്തി വില നിർണ്ണയിച്ച റിപ്പോർട്ട് ആലപ്പുഴ ആർ.ഡി.ഒ ലഭ്യമാക്കേണ്ടതുണ്ട്. |
| സി) ഇത്തരം പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ:<br><br>ഡി) ഈ പദ്ധതിക്കാവശ്യമായ സ്ഥലം എന്നത്തേക്ക് ഏറ്റെടുത്തു നല്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | സി)<br>&<br>ഡി) | ആർ.ഡി.ഒ-യിൽ നിന്നും റിപ്പോർട്ട് ഉടൻ ലഭ്യമാക്കി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് കുറ്റമറ്റ രേഖകൾ ഹാജരാക്കുവാൻ ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുത്ത് നൽകാൻ കഴിയും. |

സെക്ഷൻ ഓഫീസർ